## സുകുമാരന് ആശ്വാസമായി

കിഴക്കും പാട്ടുകര പായ്യപ്പാട് സുകുമാരൻ (63) ഓട്ടോ ഡ്രൈവറാണ്. സുകുമാരന്റെ ജീവിതത്തിലും യാദൃശ്ചികമായാണ് അത് സംഭവിച്ചത്. ഓട്ടോ ഓടിച്ചുകൊിരിക്കെ അപകടം.2008 ജൂൺ 30 നായിരുന്നു അപകടം. അപകടം നടന്നതിന് ശേഷം നാല് വർഷം കഴിഞ്ഞപ്പോൾ സുകുമാരന്റെ ജീവിതത്തിൽ മറ്റൊന്നു കൂടെ സംഭവിച്ചു. ഓർമ്മയുടെ നഷ്ടം. ഇപ്പോൾ 4 മാസമായി സുകുമാരന് ഓർമയില്ല. അശ്വിനി ആശുപത്രിയിലാണ് ചികിൽസ. ചികിൽസാ ചെലവും മറ്റും താങ്ങാനാവാത്ത അവസ്ഥയിലാണ് സുകുമാരൻ തൃശ്ശൂരിലെ ജനസമ്പർക്ക പരിപാടിയിലേക്ക് അപേക്ഷയുമായെത്തുന്നത്. അപേക്ഷ നൽകിയ ഉടനെ തന്നെ മുഖ്യമന്ത്രി രോഗിയുടെ ചികിൽസക്കായി ഒരുലക്ഷം രൂപ അനുവദിച്ചു. കൂടാതെ ഭാര്യക്ക് പെൻഷനും.

## മുഹമ്മദ് അപേക്ഷയുമായെത്തി മുഖ്യമന്ത്രി ധനസഹായം നൽകി

ജനസമ്പർക്ക പരിപാടിയിൽ അപേക്ഷയുമായെത്തിയ മുഹമ്മദ് ജബ്ബാറിന് മുഖ്യമന്ത്രി ഉമ്മൻചാി ഒരു ലക്ഷം രൂപ ധനസഹായം അനുവദിച്ചു. അൻപതുകാരനായ മുഹമ്മദിന് ദുബായിയിൽ ജോലി ചെയ്യുമ്പോൾ പൊടുന്നനെ ബി.പി.കൂടി, തലയടിച്ചു വീണ മുഹമ്മദിനെ ദുബായിലെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഓപ്പറേഷനും നടത്തി. ജീവിതത്തിൽ അൽപം ആശ്വാസം ലഭിക്കാൻ വേിയാണ് മുഹമ്മദ് ഗൾഫിലെത്തുന്നത്. എന്നാൽ സംഭവിച്ചതോ വിചാരിക്കാത്ത വിധത്തിലുള്ള ദുരന്തവും.
ഗൾഫ് മലയാളികളുടെ സഹായത്തിൽ നാട്ടിലെത്തിയ മുഹമ്മദ് തൃശ്ശൂർ ദയാ ഹോസ്പിറ്റലിൽ വീും ചികിൽസയിലായി. ഗുരുതരാവസ്ഥയിൽ കിടക്കുന്ന മുഹമ്മദ് ഇന്ന് രാവിലെയാണ് അപേക്ഷ നൽകുന്നത്. ചന്ദ്രാപ്പിന്നി, കൊറ്റാഴി വീട്ടിൽ താമസക്കാരനായ മുഹമ്മദിന്റെ സഹായത്തിന് ഭാര്യ അലീമയാണ് ഉള്ളത്. മുഖ്യമന്ത്രി അലീമക്ക് പെൻഷനും ശുപാർശ ചെയ്തതിന്റെ ആശ്വാസത്തിലാണ് അവർ വേദി വിട്ടു പോയത്.

## അന്ധ സഹോദരങ്ങൾക്ക് വെളിച്ചമായി

കൈപ്പറമ്പ് പഞ്ചായത്തിലെ മൂന്ന് അന്ധ സഹോദരങ്ങളുടെ ദു:ഖം അകക്കണ്ണുകൊറിഞ്ഞ് മുഖ്യമന്ത്രി സഹായത്തിനെത്തി. നാട്ടുകാരുടെ കാരുണ്യത്തിൽ കഴിയുന്ന ധർമ്മൻ, ബഹിന്ദു, ബീന എന്നീ സഹോദരങ്ങൾ വാടക വീട്ടിലാണ് താമസം. ഇവർക്ക് വീടു വെക്കാൻ സ്ഥലവും മൂന്നു പേരിൽ ഒരാൾക്ക് ജോലിയും നൽകാൻ മുഖ്യമന്ത്രി ഉത്തരവിട്ടു.

## നേരിൽ കല്ലോ ദൈവം അനുഗ്രഹിക്കട്ടെ

ഗുരുവായൂർ തൈക്കാട് പള്ളിക്ക് സമീപം രാമനത്തുവീട്ടിൽ താമസിക്കുന്ന 68കാരി നഫീസക്ക് സ്വന്തം കുടുംബത്തിന് സംഭവിച്ച ദുരിതത്തിനിടയിലും സഹ ജീവികളോട് അനുകമ്പ. ഈ അമ്മയുടെ മനസ്സ് ജനസമ്പർക്ക പരിപാടിയിലെ മറ്റ് ദുരിത ബാധിതരെ കപ്പോൾ അലിഞ്ഞു. മരപ്പണിക്കാരനായ ഭർത്താവ് മരിച്ചതിനു ശേഷം മൂന്നംഗ കുടുംബത്തെ പോറ്റുന്നത് നഫീസയാണ്. ലത്തീഫ്(45), അക്ബറലി(38) , സഫിയ(30)എന്നിവർ മക്കൾ.

ആൺമക്കൾ 2 പേരും മാനസിക വിഷമം അനുഭവിക്കുന്നവർ. മകൾ 7-ാം വയസ്സുമുതൽ ശരീരം തളർന്ന് കിടക്കുകയാണ്. ഈ മാതൃഹൃദയം മുഖ്യമന്ത്രിയെ കപ്പോൾ അലിഞ്ഞു. "എനിക്ക് സഹായം ലഭിച്ചില്ലെങ്കിലും വേ, വെള്ളവും ഭക്ഷണവും ഉപേക്ഷിച്ച് പൊരിയുന്ന വെയിലിൽ വിയർത്തു കുളിച്ച് മോൻ മറ്റുള്ളവർക്ക് ആശ്വാസം പകരുന്നത് കാണുമ്പോൾ എനിക്ക് സന്തോഷവും സമാധാനവുമാണ്. ഇങ്ങനെ വേണം പാവങ്ങളെ സഹായിക്കാൻ. മോനെ ദൈവം അനുഗ്രഹിക്കട്ടെ" മുഖ്യമന്ത്രി ഉമ്മൻ ചാിയുടെ തലയിൽ കൈവച്ച് സന്തോഷാശ്രുക്കളോടെ ആ അമ്മ അനുഗ്രഹിച്ചു. ' മോനേ മോനെ നേരിൽ കല്ലോ. മറ്റുള്ളവരെ സഹായിക്കുന്നത് കാണുമ്പോൾ എന്റെ വിഷമം കുറയുന്നു മോനെ. മോന് നല്ലത് വരട്ടെ' വീും ആ അമ്മയുടെ അനുഗ്രഹ വാക്കുകൾ. മുഖ്യമന്ത്രിയായി ഏറെ നാൾ സേവനം നൽകാൻ അങ്ങേക്ക് കഴിയട്ടെ എന്നും ആ അമ്മ ആശംസിച്ചു. നഫീസക്ക് പെൻഷൻ അനുവദിക്കുന്നതിനുള്ള നിർദേശം മുഖ്യമന്ത്രി ജില്ലാ കളക്ടർക്ക് നൽകി.

## പ്രദീപിന് ആശ്വാസമായി 25,000 രൂപയും പെൻഷനും

ആശ്വാസം ലഭിച്ചതിന്റെ സന്തോഷം പ്രദീപിന്റെ മുഖത്തുായിരുന്നു. തളിക്കുളം സ്വദേശിയായ പ്രദീപ് രു വർഷം മുമ്പാണ് തളർന്നു വീണത്. അവിവാഹിതനായ ഇയാൾക്ക് വയസ്സായ അച്ഛനും അമ്മയുമാണ് ഏക ആശ്രയം. ഇനി എന്ത് എന്നാലേചിച്ചു കൊിരിക്കുമ്പോളാണ് മുഖ്യമന്ത്രിയുടെ ജന സമ്പർക്ക പരിപാടിയിലെത്തിയത്. പ്രദീപിനെ ക് 25,000 രൂപയുടെ ധനസഹായവും നൽകി. അച്ഛനും അമ്മക്കും പെൻഷൻ നൽകാൻ തീരുമാനമായി. സന്തോഷം കൊ് പ്രദീപിന്റെ കണ്ണുകൾ നിറഞ്ഞു.

## അനന്തകൃഷ്ണന് മുഖ്യമന്ത്രിയുടെ സാന്ത്വനം

പ്രതീക്ഷയേതുമില്ലാതെ മരവിച്ച മനസ്സുമായാണ് വിയ്യൂർ കോലോത്ത് പറമ്പിൽ രത്നം ജന സമ്പർക്ക പരിപാടിയിൽ എത്തിയത്. രത്നത്തിന്റെ അകമകൻ അനന്ത കൃഷ്ണൻ ജന്മനാ വികലാംഗനാണ്. ആദ്യജാതൻ വികലാംഗനാണെന്നറിഞ്ഞതോടെ ഭർത്താവും ഉപേക്ഷിച്ചു. വെല്ലുവിളികൾ നേരിട്ടുകൊായിരുന്നു തുടർന്നും രത്നം ജീവിച്ചത്. അനന്തകൃഷ്ണൻ ഇരുകാലുകളും ശോഷിച്ച് വളഞ്ഞ അവസ്ഥയിലാണ്. കൂട്ടാകാരോടൊപ്പം ഓടിക്കളിക്കാനാകാതെ. മുഖ്യമന്ത്രി അനുവദിച്ച ധനസഹായം. രത്നത്തിനും മകനും ഏറെ ആശ്വാസമായി. അനന്തകൃഷ്ണന്റെ ചികിൽസക്കായി ഈ തുക വിനിയോഗിക്കാനാണ് അവരുടെ ആഗ്രഹം.